"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ് -ജീവനക്കാര്യം- ഡോ സൗമ്യരാജ് റ്റി ജെ, അസിസ്റ്റന്റ് സർജൻ- ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1075/2025 മേലുള്ള 19-06-2025 തീയതിയിലെ ഉത്തരവ്- അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3049/2025/H&FWD തീയതി,തിരുവനന്തപുരം, 04-10-2025

---

പരാമർശം:-
1. ഡോ സൗമ്യരാജ് റ്റി ജെ സമർപ്പിച്ച 14-06-2025 തീയതിയിലെ അപ്പീൽ അപേക്ഷ (Annexure A14)
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1075/2025 മേലുള്ള 19-06-2025 തീയതിയിലെ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21-07-2025 തീയതിയിലെ EA2-17571/2025/DHS നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജനായ ഡോക്ടർ സൗമ്യരാജ് റ്റി ജെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1075/2025 മേലുള്ള പരാമർശം (2) ഉത്തരവിൽ ആരോഗ്യവകുപ്പ് സെക്രട്ടറി പരാതിക്കാരി സമർപ്പിച്ച പരാമർശം (1) അപ്പീൽ (Annexure A4) പരിശോധിച്ച് തീർപ്പ് കൽപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു.

2. ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവിൽ അപേക്ഷകയെ നേരിൽ കേൾക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നില്ല. എന്നാൽ നേരിൽ കേൾക്കുന്നതിന് അവസരം നൽകണമെന്ന് അപേക്ഷക ആവശ്യപ്പെട്ടിരുന്ന സാഹചര്യത്തിൽ 06-08-2025 ന് പരാതിക്കാരിയെ നേരിൽ കേട്ടിരുന്നു. നേരിൽ കേട്ട വേളയിൽ അപേക്ഷക താഴെപ്പറയുന്ന വിവരങ്ങൾ ബോധിപ്പിക്കുകയുണ്ടായി.

അസിസ്റ്റന്റ് സർജനായി 06.04.2018 ൽ സർവീസിൽ പ്രവേശിച്ചു. പ്രൊബേഷൻ 06.04.2020ൽ ഡിക്ലയർ ചെയ്തു. 16.01.2019ലെ സർക്കുലർ പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ ജൂനിയർ കൺസൾട്ടന്റ് ആയി പ്ലേസ്മെന്റിനുള്ള ഓപ്ഷനുകൾ വിളിക്കുകയുണ്ടായി. അതിൻപ്രകാരം ജൂനിയർ കൺസൾട്ടന്റ് (സൈക്യാട്രി) തസ്തികയിലേക്കുള്ള

പ്ലേസ്മെന്റിനുള്ള ഓപ്ഷൻ സമർപ്പിക്കുകയുണ്ടായി. 19.03.2019ലെ ഇഎസ്7692/2019/ആവഡ ഉത്തരവ് പ്രകാരം select/seniority ലിസ്റ്റ് ഇടുകയുണ്ടായി. പ്രൊബേഷൻ പൂർത്തിയാക്കാത്തവരെ ലിസ്റ്റ് I ൽ ഉൾപ്പെടുത്തിയിരുന്നു. തന്നെ സീരിയൽ നമ്പർ 15 ആയി ജൂനിയർ കൺസൾട്ടന്റ് (സൈക്യാട്രി) യായി ചേർത്തിരുന്നു. അന്തിമ ലിസ്റ്റ് 04.05.2019ലെ ഇഎസ്7692/2019/ആവഡ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചു. അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സീനിയോറിറ്റി 16 ആയി തീരുമാനിക്കപ്പെട്ടു. 16.04.2020നു പ്രൊബേഷൻ ഡിക്ലയർ ആയതിനാൽ സീനിയോറിറ്റി പുനഃക്രമീകരണമെന്ന ആവശ്യത്തെ തുടർന്ന് സീനിയോറിറ്റി ലിസ്റ്റ് I ൽ സീരിയൽ നമ്പർ 3B ആയി ഉൾപ്പെടുത്തി (27.10.2023 ലെ ഇഎസ്7/14045/2023 ഉത്തരവ് പ്രകാരം). 11.11.2023ൽ അന്തിമ ലിസ്റ്റ് ഡോക്ടർ ലക്ഷ്മി മോഹനെ കൂടി ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചു. 04.11.2023ലെ സർക്കുലർ പ്രകാരം ജൂനിയർ കൺസൾട്ടന്റ് ആകാൻ യോഗ്യരാവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. അപ്രകാരം സൈക്യാട്രി സ്പെഷ്യാലിറ്റിയിൽ പ്ലേസ്മെന്റിനു യോഗ്യത നേടി സീരിയൽ നമ്പർ 8 ആയി ചേർക്കപ്പെടുകയുണ്ടായി. 13.11.2023ലെ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (സൈക്യാട്രി) ആയി നിയമനം നൽകി. അവിടെ ജോലിചെയ്തു വരവെ 06.02.2024ലെ ഇഎ2-6/2024 ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സർജനായി റിവേർട്ട് ചെയ്യപ്പെട്ടു ആലപ്പുഴ പള്ളിത്തോട് FHC യിൽ നിയമിച്ചു. ആലപ്പുഴയിൽ ജോലി ചെയ്യവേ 14.02.2025 മുതൽ ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ നോഡൽ ഓഫീസർ ആയി ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചു. 01.04.2025ൽ നോഡൽ ഓഫീസറായി ചാർജെടുത്തു. ഇതിൽ തുടരവേ എ 2-363/2025/ആവഡ തീയതി 11.06.2025 ഉത്തരവ് പ്രകാരം കോഴിക്കോട്, വടകര ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (സൈക്യാട്രി) ആയി നിയമിച്ചു. ഭർത്താവ് എറണാകുളം, കടവന്ത്ര ഇന്ദിരാഗാന്ധി കോ ഓപ്പറേറ്റീവ് ആശുപത്രിയിൽ ഡോക്ടറായി ജോലി നോക്കുന്നു. Inter caste വിവാഹമാണ്. 13.03.2023 വരെ എറണാകുളം PHC കോടനാട് ജോലി ചെയ്യുകയായിരുന്നു. ശേഷം ഒന്നര വർഷത്തിനിടയിൽ 3 ട്രാൻസ്ഫർ ലഭിക്കുകയുണ്ടായി. വടകരയിലേയ്ക്ക് ട്രാൻസ്ഫർ ലഭിച്ചതിലൂടെ തന്റെ കുടുംബത്തെ വിട്ടുപിരിയേണ്ടിവരുമെന്നും, തങ്ങളുടെ ഇന്റർകാസ്റ്റ് വിവാഹമായതിനാൽ തന്നെ രണ്ടു വീട്ടുകാരും തങ്ങളോട് ചേർന്ന് പോകാത്തതിനാൽ 9 വയസ്സായ മകളുടെ പരിചരണം തന്നെ അസാധ്യമാക്കുന്നുമെന്നും അറിയിച്ചു. വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തൃശ്ശൂർ മെന്റൽ ഹെൽത്ത് സെന്റർ, തൃശ്ശൂർ ജനറൽ ആശുപത്രി, കോട്ടയം ജനറൽ ആശുപത്രി, തൊടുപുഴ ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ മൂന്നുവർഷത്തിൽ കൂടുതൽ ആയി ജോലി ചെയ്യുന്നവരുണ്ട്. തൃശ്ശൂർ ജില്ലയിൽ 18ൽ കൂടുതൽ സൈക്യാട്രി ജൂനിയർ കൺസൾട്ടന്റ്

പോസ്റ്റുണ്ട്. ഇവയിൽ ഏതെങ്കിലും ഒന്നിൽ നിയമിക്കണമെന്നും ആവശ്യപ്പെട്ടു. സർക്കാർ ഇന്റർ കാസ്റ്റ് വിവാഹം നടത്തിയ ദമ്പതികളെ സഹായിക്കുന്നതിനായി അവർക്ക് അനുകൂലമായ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ദമ്പതികൾക്ക് ഒരേ സ്റ്റേഷനിൽ ജോലി നോക്കുന്നതിനു അല്ലെങ്കിൽ ഏറ്റവും അടുത്ത സ്റ്റേഷനിൽ ജോലി ചെയ്യുന്നതിനുള്ള അവസരം നൽകി 01.04.1976 ഡ.സ.ഉ (കൈ)106/76/PD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളും പരാതിക്കാരി ഹാജരാക്കിയിരുന്നു.

3. പ്രസ്തുത വിഷയം സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ താഴെപ്പറയുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

ഡോ.സൗമ്യരാജ് ടി.ജെ യെ സൈക്യാട്രി വിഭാഗത്തിൽ ജൂനിയർ കൺസൽട്ടന്റ് ആയി നിയമിച്ചിരുന്നു. നിയമനസമയത്ത് അവരുടെ സീനിയോറിറ്റി നമ്പർ 2019ൽ 3B ആയിരുന്നു . Waiting for posting ആയി പുറത്ത് നിൽക്കുന്ന ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് ഒഴിവില്ലാത്ത സാഹചര്യത്തിൽ, ഏറ്റവും ജൂനിയറായ ഉദ്യോഗസ്ഥനെ റിവേർട്ട് ചെയ്ത് നിയമനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സർക്കാർ പലപ്പോഴായി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പഠനാവശ്യങ്ങൾക്കായി 09.02.2022 മുതൽ 08.02.2024 വരെ അവധിയിൽ പോയ ഡോ.നീതു സുരേഷ് ബാബുവിനെ തിരികെ നിയമനം നൽകുന്നതിനായി ജൂനിയർ കൺസൽട്ടന്റ് (സൈക്യാട്രി) കേഡറിൽ ഒഴിവ് ഇല്ലാതിരുന്നതിനാൽ ഡോ.സൗമ്യരാജ് ടി.ജെ യെ ജൂനിയർ കൺസൽട്ടന്റ് തസ്തികയിൽ നിന്നും മാറ്റി, (ജൂനിയർ കൺസൽട്ടന്റ് ഇൻ സൈക്യാട്രി കേഡറിലെ ഏറ്റവും ജൂനിയർ ഉദ്യോഗസ്ഥ) PHC പള്ളിത്തോട്, ആലപ്പുഴയിൽ അസിസ്റ്റന്റ് സർജനായി നിയമിച്ചു. ജൂനിയർ കൺസൽട്ടന്റ് (സൈക്യാട്രി) കേഡറിൽ ഒഴിവ് വന്നപ്പോൾ തിരുവനന്തപുരം മെന്റൽ ഹെൽത്ത് സെന്റർ(3 ഒഴിവ്),പാലക്കാട് ജില്ലാ ആശുപത്രി(1ഒഴിവ്),തിരൂരങ്ങാടി താലൂക്ക് ആശുപത്രി(1 ഒഴിവ്),വടകര ജില്ലാ ആശുപത്രി(1ഒഴിവ്) എന്നിവിടങ്ങളിലേക്ക് നിയമന നടപടികൾ ആരംഭിക്കുകയുണ്ടായി. ഈ ആറ് ഒഴിവുകളിൽ മൂന്നെണ്ണം പഠനാർത്ഥം ശൂന്യവേതനാവധി എടുത്ത ശേഷം തിരികെ പ്രവേശിപ്പിക്കുന്നവർക്കായി മാറ്റിവച്ചിരുന്നു. ഇവയിൽ തിരുവനന്തപുരത്തെ മെന്റൽ ഹെൽത്ത് സെന്റർ, പാലക്കാട് ജില്ലാ ആശുപത്രി കൂടാതെ മറ്റ് ജില്ലാ ആശുപത്രികളിലെ ഒഴിവുകൾ അടിയന്തിരമായി നികത്തേണ്ടതുണ്ടായിരുന്നു. അപ്രകാരം കൊണ്ടോട്ടിയിലെ വാടകരയിലുള്ള ആശുപത്രിയിൽ ഈ ഒഴിവുകൾ നികത്താൻ ഡോ.സൗമ്യരാജ് ടി.ജെ യെ വടകര, കോഴിക്കോട് ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൽട്ടന്റ് ആയി നിയമിക്കുകയുണ്ടായി. ഒരു തസ്തികയിലേക്കുള്ള നിയമനം, ആ

തസ്തികയിലെ ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. നിയമന പ്രക്രിയയിൽ അർഹരായ ഉദ്യോഗസ്ഥരെ നിലവിലുള്ള ഒഴിവുകളിൽ ജൂനിയർ കൺസൾട്ടന്റുമാരായി നിയമിക്കുന്നു. നിയമനസമയത്ത് , ഉദ്യോഗസ്ഥർ ലഭ്യമായ ഒഴിവുകളിൽ സേവനത്തിൽ പ്രവേശിക്കുവാൻ ബാധ്യസ്ഥരാണ്. അവർക്ക് യാതൊരുവിധ മുൻഗണയും സംരക്ഷണവും അവകാശപ്പെടാൻ കഴിയില്ല. അപ്പീൽ ഹർജിയിൽ ഡോ.സൗമ്യരാജ് ടി.ജെ യെ അവർക്ക് സൗകര്യപ്രദമായ ഒരു സ്ഥാപനത്തിൽ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് എന്നാൽ, നിയമന പ്രക്രിയ ട്രാൻസ്ഫറിന് തുല്യമല്ല. അതിനാൽ ട്രാൻസ്ഫർ മാനദണ്ഡങ്ങൾ അനുസരിച്ച് ആർക്കും നിയമനത്തിൽ സൗകര്യങ്ങൾ ഒരുക്കി നൽകാൻ സാധ്യമല്ല. മാത്രമല്ല, അവർ ജൂനിയർ കൺസൾട്ടന്റ് സൈക്യാട്രി കേഡറിലെ ഏറ്റവും ജൂനിയറായ മെഡിക്കൽ ഓഫീസറുമാണ്. മേൽ സാഹചര്യത്തിൽ ഡോ സൗമ്യരാജ് റ്റി ജെ സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള അപ്പീൽ അപേക്ഷ നിരിസിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അസിസ്റ്റന്റ് സർജൻ തസ്തികയിലാണ് മെഡിക്കൽ ഓഫീസർമാർ ആരോഗ്യവകുപ്പിൽ സേവനത്തിൽ പ്രവേശിക്കുന്നത്. പ്രൊബേഷൻ കാലയളവിൽ സ്പെഷ്യലിറ്റിയിലേയ്ക്ക് ഓപ്ഷൻ നൽകേണ്ടതാണ് (Kerala Health Services (Medical Officers) ലെ ചട്ടം5.) . പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന് ശേഷം മാത്രമേ ഓപ്ഷൻ പ്രകാരം പ്ലെയ്സ്മെന്റ് നൽകുകയുള്ളൂ (Kerala Health Services(Medical Officers) ലെ ചട്ടം9). ജനറൽ കേഡറിലെ(on the date of passing of the speciality qualification /in the case of those entering service with speciality qualification) ഫീഡർ കാറ്റഗറിയിലുള്ള സീനിയോരിറ്റിയാണ് പ്ലെയ്സ്മെന്റിന് മാനദണ്ഡം (Kerala Health Services(Medical Officers) ലെ ചട്ടം 12). സ്പെഷ്യാലിറ്റി കേഡറിൽ ജൂനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് എന്നിങ്ങനെ വിഭാഗങ്ങളുണ്ട്. മേൽ ചട്ടങ്ങൾ പ്രകാരം ഡോക്ടർ സൗമ്യരാജിന്റെ ജൂനിയർ കൺസർട്ടന്റായിട്ടുള്ള നിയമനം സ്പെഷ്യാലിറ്റി കേഡറിലേക്ക് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ placement ആയിട്ടാണ് നടത്തപ്പെട്ടിട്ടുള്ളത്. മറിച്ച് പ്രമോഷനല്ല എന്ന് കാണാവുന്നതാണ്. ടി കേഡറിൽ എവിടെയാണോ ഒഴിവ് വരുന്നത് അവിടേക്ക് Placement നൽകുന്നു. അതിനാൽ തന്നെ സ്പെഷ്യാലിറ്റി കേഡറിലേക്കുള്ള Placement-ന് സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം ബാധകമല്ല. ആയതിനാൽ ജൂനിയർ കൺസൾട്ടന്റ് (സൈക്യാട്രി) കേഡറിൽ ഒഴിവ് വന്ന വടകര ജില്ലാ ആശുപത്രിയിൽ നിയമനം നൽകിയതിൽ തെറ്റായ നടപടി അല്ല. മേൽ സാഹചര്യത്തിൽ സ്ഥലംമാറ്റ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ

നിയമിക്കണമെന്ന Annexure A14 അപ്പീലിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1075/2025 മേലുള്ള പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡോ.സൗമ്യരാജ് റ്റി ജെ, സിറ്റി സ്കൈ വില്ല A-12, തീരദേശ റോഡ്, നെട്ടൂർ, എറണാകുളം - 682040
കരുതൽ ഫയൽ (File No. A3/428/2025-Health)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 06-10-2025 10:00:31

**<u>Endt.Lr .No.DHS/29330/2024-EA2 Dated:09-10-2025</u>**

Copy of Govt.Order communicated to the incumbent,Head of the Institutions and Concerned District Medical Officer of Health for information and necessary action.

Signed by Vinod Kumar V A
Date: 09-10-2025 09:54:36

For Director of Health Services